Break the chain

# കേരള സർവകലാശാല

എ.ഡി.എ.III.2/2022

തിരുവനന്തപുരം
15.02.2022

## <u>പരിപത്രം</u>

വിഷയം: ലോക മാതൃഭാഷാദിനം - ഭാഷാ പ്രതിജ്ഞയെടുക്കുന്നത് - സംബന്ധിച്ച്

സൂചന: ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ് - കേരള സർക്കാർ പരിപത്രം നമ്പർ ഒ.എൽ. 4/4/2022/പി & എ. ആർ .ഡി. തീയതി 09.02.2022

കേരള സർക്കാരിന്റെ ഉദ്യോഗസ്ഥ -ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിന്റെ നിർദ്ദേശപ്രകാരം ലോക മാതൃഭാഷാദിനമായ ഫെബ്രുവരി 21- ന് കേരള സർവകലാശാലയുടെ കീഴിൽ വരുന്ന എല്ലാ പഠന വകുപ്പുകളുടെയും മേധാവികൾ സഹഅദ്ധ്യാപകർക്കും വിദ്യാർഥികൾക്കും ചുവടെ ചേർത്തിട്ടുള്ള ഭാഷാ പ്രതിജ്ഞ ചൊല്ലികൊടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഒപ്പ്
പ്രൊഫ.(ഡോ.)കെ.എസ്. അനിൽകുമാർ
രജിസ്ട്രാർ

പകർപ്പ്:

(1) വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
(2) രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ/പ്ലാനിംഗ് ഡയറക്ടർ എന്നിവരുടെ പി.എ. മാർ
(3) എല്ലാ പഠനവകുപ്പ് മേധാവികൾ.
(4) ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ, കാര്യവട്ടം.
(5) ഫയൽ കോപ്പി.

## <u>ഭാഷാപ്രതിജ്ഞ</u>

**"മലയാളമാണ് എന്റെ ഭാഷ.**
**എന്റെ ഭാഷ എന്റെ വീടാണ്.**
**എന്റെ ആകാശമാണ്.**
**ഞാൻ കാണുന്ന നക്ഷത്രമാണ്.**
**എന്നെത്തഴുകുന്ന കാറ്റാണ്.**
**എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.**
**എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.**
**ഏതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്.**
**എന്റെ ഭാഷ ഞാൻ തന്നെയാണ്."**

ഉത്തരവിന് പ്രകാരം

സെക്ഷൻ ഓഫീസർ